**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 495** **30-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ കൈക്കൊണ്ട നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി സംസ്ഥാനം ഗുരുതരമായ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. |
| (ബി) | വിവിധ വകുപ്പുകൾക്കും, കരാറുകാർക്കുമായി എത്ര തുക കുടിശികയായി ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 മേയ് മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2023 സെപ്റ്റംബർ മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. |
| (സി) | ക്ഷേമപെൻഷനുകൾ ഇപ്പോൾ എത്ര കുടിശികയുണ്ടെന്നും അവ കൊടുത്തുതീർക്കുന്നതിന് എത്ര രൂപ വേണ്ടി വരുമെന്നും വ്യക്തമാക്കുമോ ; | (സി) | 2023 ആഗസ്റ്റ് മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2023 ഡിസംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം 756.56 കോടിയോളം രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 4 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കുള്ള ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ തുക സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |
| (ഡി) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡി.എ കുടിശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്നും ഇത് എന്നത്തേക്ക് | (ഡി) | സർക്കാർ ജീവനക്കാർക്ക്/ പെൻഷൻകാർക്ക് നൽകാനുള്ള ക്ഷാമബത്ത/ ക്ഷാമാശ്വാസത്തിന്റെ കുടിശ്ശിക കണക്കാക്കിയിട്ടില്ല. ക്ഷാമബത്ത/ |

| | | | |
|---|---|---|---|
| | നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | | ക്ഷാമാശ്വാസം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഇ) | ബജറ്റിൽ ഉൾപ്പെടുത്തിയ അധികനികുതിയിൽ നിന്നും ഡീസൽ/ പെട്രോൾ സെസിൽ നിന്നും എത്ര രൂപ ഈ സാമ്പത്തിക വർഷം പ്രതീക്ഷിച്ചിരുന്നുവെന്നും ഇതുവരെ എത്ര രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ഇ) | ബജറ്റിൽ ഉൾപ്പെടുത്തിയ ഡീസൽ/ പെട്രോൾ സെസിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം 750 കോടി രൂപ സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് പ്രതീക്ഷിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം 31 ഡിസംബർ വരെ ലഭ്യമായ കണക്കുകൾ പ്രകാരംപെട്രോൾ, ഡീസൽ എന്നീവയ്ക്ക് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുക (FINANCE ACT 2023 പ്രകാരം) 685.79* കോടി രൂപയാണ് (*provisional). |
| (എഫ്) | ദൈനംദിന ചെലവുകൾ നടത്തുന്നതിനായി കടം എടുക്കുന്നതുമൂലം സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്നത് ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്ന വായ്പാ പരിധിക്കുള്ളിൽ നിന്നും മാത്രമേ സംസ്ഥാനം പൊതുകടം എടുക്കുന്നുള്ളൂ. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ